# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3958 — 15.03.2017 - ൽ മറുപടിയ്ക്ക്

**<u>ഭവന വായ്പ ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**" മോൻസ് ജോസഫ്**<br>**"സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു സഹകരണ ബാങ്കുകളിൽ നിന്ന് ഭവന വായ്പയെടുത്തവർ നേരിടുന്ന ജപ്തി നടപടികൾ ഒഴിവാക്കി കുടിശ്ശിക തുക തിരിച്ച് അടയ്ക്കുന്നതിന് സാവകാശം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്ന് ഭവന വായ്പ ഉൾപ്പെടെ വായ്പകളെടുത്ത് കുടിശ്ശികയായി ജപ്തി ഉൾപ്പെടെയുള്ള നടപടികൾ നേരിടുന്നവർക്ക് ഇളവുകളോടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി "നവകേരളീയം കുടിശ്ശിക നിവാരണം 2017" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി 2017 മാർച്ച് 31 വരെ നിലവിലുണ്ട്. |
| (ബി) സ്വന്തമായി ഒരു ഭവനം എന്ന ലക്ഷ്യത്തിൽ സഹകരണ ബാങ്കുകളെ ആശ്രയിച്ച് വായ്പയെടുത്ത എത്ര വീടുകളാണ് നിയമ നടപടിക്കു വിധേയമായി സീൽ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത 123 വീടുകളാണ് നിയമനടപടിക്കു വിധേയമായി സീൽ ചെയ്തിട്ടുള്ളത്. |
| (സി) സംസ്ഥാനത്ത് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം മുൻനിറുത്തി നയപരിപാടികൾ ആവിഷ്കരിക്കുന്ന സർക്കാർ, സഹകരണ ബാങ്കിംഗ് മേഖലയിൽ, ഭവനവായ്പയെടുത്തവർ നേരിടുന്ന ജപ്തി നടപടികൾ ഒഴിവാക്കി സർക്കാർ സഹായത്തോടെ വായ്പകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) സഹകരണ വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സഹായത്തോടെ വായ്പകൾ ക്ലോസ് ചെയ്യുന്നതിന് പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കുടിശ്ശിക വായ്പ തീർപ്പാക്കുന്ന "നവകേരളീയം കുടിശ്ശിക നിവാരണം 2017" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**